**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5727** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഗെയിം നിരോധിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓൺലൈൻ ഗെയിമുകൾ കളിച്ച് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കി ആത്മഹത്യയിലേക്ക് നയിക്കുന്നതായ സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2020 മുതലുള്ള കണക്കുകൾ പ്രകാരം നാളിതുവരെ 5 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>പോലീസിന്റെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് മുഖേന സുരക്ഷിത സൈബർ ഉപയോഗത്തെക്കുറിച്ചും ഓൺലൈൻ ചതിക്കുഴികളെ കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റസിഡൻസ് അസോസിയേഷനുകളും സ്കൂൾ പി.റ്റി.എ - കളും വഴി പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും സൈബർ സംബന്ധമായ അവബോധം പോലീസ് നൽകി വരുന്നു. |
| (ബി) | ഓൺലൈൻ ചൂതാട്ടം, ഓൺലൈൻ ഗെയിം, ഓൺലൈൻ ഭാഗ്യപരീക്ഷണ കളികൾ എന്നിവ നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 23.02.2021 ലെ സ.ഉ.(പി) നം.26/2021/ആഭ്യന്തരം പ്രകാരം ഓൺലൈൻ റമ്മിയെ നിയമവിരുദ്ധമാക്കി ഉത്തരവായിരുന്നു. എന്നാൽ WP(C) No. 7785/2021 മുതലായ വിവിധ കേസുകളിലെ 27.09.2021 ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. ആയതിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | എങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പിരിവ് (B) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ